# അമേരിക്കയിലെ മലയാളകളുടെ സാമൂഹ്യ-സാംസ്ക്കാരിക-സാഹിത്യ വളർച്ച ഒരു അവലോകനം

മണ്ണിക്കരോട്ട്

മലയാളികൾ എവിടെ കുടിയേറിയാലും അവിടെ സാമൂഹ്യ സംഘടനകളും തങ്ങളുടെ തനതായ സംസ്ക്കാര-പാരമ്പര്യം പകർത്തുകയും പുലർത്തുകയും ചെയ്യുന്നവരാണെല്ലോ. എന്നാൽ അമേരിക്കയിൽ മലയാളികൾക്ക് തനതായ സാമൂഹ്യചുറ്റുപാട് രൂപപ്പെടുന്നതിന് കാലതാമസമുണ്ടായി. അമേരിക്കയിലെ വിഭിന്നമായ സാമൂഹ്യ-സാംസ്ക്കാരികാന്തരീക്ഷം, സ്ഥിരതാമസക്കാർക്കു ലഭിക്കുന്ന പൂർണ്ണ ജീവിതസ്വാതന്ത്ര്യം, ജോലിയ്ക്കുവേണ്ടിയുള്ള പത്യേക പഠനങ്ങൾ അങ്ങനെ ഓരോന്നും മലയാളികളുടെ സാമൂഹ്യ-സാംസ്ക്കാരിക പ്രവർത്തനങ്ങൾ വൈകാൻ കാരണമായിട്ടുണ്ട്.

## അമേരിക്കയിൽ മലയാളികളുടെ കുടിയേറ്റവും സാമൂഹ്യ-സാംസ്ക്കാരിക വളർച്ചയും

1960 പതുകൾവരെ അമേരിക്കയിൽ മലയാളികളുടെ വരവ് വളരെ വിരളമായിരുന്നു. അന്നുവരെ ഡോക്ട്ടർന്മാർ, ശാസ്ത്രജ്ഞൻന്മാർ മുതലായി ഔദ്യോഗിക നിലയിലുള്ളവരും ഉപരിപഠനത്തിനും ആദ്ധ്യാത്മീക പ്രവർത്തനങ്ങൾക്കുമായി ചുരുക്കമായ വരവൊ, കുടിയേറ്റമൊ മാത്രമെ ഉണ്ടായിട്ടുള്ളു. എന്നാൽ അമേരിക്കയിൽ പ്രസിഡന്റ് ജോൺ എഫ്. കെന്നഡി പ്രസിഡന്റായിരുന്ന കാലത്ത് (1961–63) ഇൻഡ്യയോട് അനുകൂലി നയം പുലർത്തി. തുടർന്ന് ലിൻഡൻ ജോൺസൺ പ്രസിഡന്റായപ്പോഴും (1963–69) അതേ നയം തുടരുകയും ചെയ്തു.

1965–ൽ അമേരിക്കയിലെ കുടിയേറ്റനിയമത്തിലുണ്ടായ ഭേദഗതി ഇൻഡ്യക്കാർക്ക് ഏറെ പ്രയോജനമുണ്ടാക്കി. അതിന്റെ പിന്നിൽ ചില രാഷ്ട്രീയപരമായ കാരണങ്ങളും ഉണ്ടായിരിക്കാം. വിയറ്റ്നാമിൽ യുദ്ധം കൊടുമ്പിരിക്കൊണ്ടിരിക്കുന്നു. അപ്പോൾ കിഴക്കൻ രാജ്യങ്ങളിലെ ഒരു പ്രധാന രാജ്യമായ ഇൻഡ്യയോടെ അടുപ്പം പുലർത്തേണ്ടത് തന്ത്രപ്രധാനമായ നയത്തിന്റെ ഭാഗമായി അമേരിക്ക കണക്കാക്കിയിട്ടുണ്ടാകും. എന്തായാലും അമേരിക്കയിൽ 1965–ലുണ്ടായ കുടിയേറ്റനിയമ ഭേദഗതി ഇൻഡ്യക്കാർക്ക് കൂടുതൽ ഇളവനുവദിച്ചുകൊണ്ടുള്ളതായിരുന്നു.

ജോൺസൺനുശേഷം റിച്ചഡ് നിക്സൻ പ്രസിഡന്റും (1969–74) ഹെൻറി കിസംജർ വിദേശകാര്യ സെക്രട്ടറിയുമായി. അപ്പോഴും ഇൻഡ്യയോട് തന്ത്രപ്രധാനമായ അടുപ്പം അമേരിക്കയ്ക്ക് ആവശ്യമായി വന്നു. അപ്പോഴും വിയറ്റ്നാമിൽ യുദ്ധം ഘോരയുദ്ധം നടക്കുന്നുണ്ട്. അവിടെ വിയറ്റ്നാമിൽ ആയിരക്കണക്കിന് അമേരിക്കൻ ഭടന്മാർ മുറിവേറ്റു വീഴുന്നു. അവരെ ശുശ്രൂഷിക്കാൻ അവിടെയും അമേരിക്കയിലും ധാരാളം നേഴ്സ്മാരെ ആവശ്യമായി വന്നു. വിദേശ നേഴ്സ്മാരെ അമേരിക്കയിൽ ആവശ്യമായി വന്നപ്പോൾ ഇൻഡ്യക്കാരെ കൂടുതൽ പരിഗണിക്കുകയും ചെയ്തു. അങ്ങനെ കുടിയേറ്റനിയമഭേദഗതിയും വിയറ്റ്നാം യുദ്ധവും വാസ്തവത്തിൽ, നമ്മുടെ നേഴ്സ്മാർക്ക് അമേരിക്കയിൽ കുടിയേറാനുള്ള വാതായനം തുറക്കുകയായിരുന്നു. അങ്ങനെ 1960–കളുടെ ഉത്തരാർദ്ധം മുതൽ നമ്മുടെ നേഴ്സ്മാർ അമേരിക്കയിൽ കുടിയേറാൻ തുടങ്ങി. 1970–കളുടെ പൂർവ്വാർദ്ധത്തിൽ ഈ കുടിയേറ്റം ഏതാണ്ട് ഒരു പുറപ്പാടുപോലെ പടരുകയായിരുന്നു.

അമേരിക്കയിൽ മലയാളികൾ കുടിയേറിയിട്ടുള്ളത് ഒരു നല്ല ജീവിതം പ്രതീക്ഷിച്ചു മാത്രമാണ്. സാഹിത്യമോ സംസ്ക്കാരമോ അവരുടെ ലക്ഷ്യമായിരുന്നില്ല. എങ്ങനെയെങ്കിലും ജീവിത സൗകര്യത്തിനാവശ്യമായ പണമുണ്ടാക്കണം. നാട്ടിലെ സ്വന്തപ്പെട്ടവരെ കഴുയുന്നത്രയും സഹായിക്കണം. അതുകഴിഞ്ഞ് വേണ്ടിവന്നാൽ നാട്ടിൽപോയി സുഖമായി ജിവിക്കണം. എന്തായാലും ആദ്യം വന്ന നേഴ്സുമാരുടെ ഭർത്താക്കന്മാരും കുട്ടികളുംകുടി ചേർന്നപ്പോൾ അമേരിക്കയിൽ മലയാളി സമൂഹം വളരാൻ തുടങ്ങി. ആദ്യകാലത്ത് അമേരിക്കയിൽ ഒന്നു കാലുറയ്ക്കുന്നതിന്റെ ധൃതിയിലായിരുന്നു. അതിനാവശ്യമായ

പഠിത്തം, പരീക്ഷ, ജോലി അങ്ങനെ ചില വർഷങ്ങൾ കടന്നുപോയി. അതുകാരണത്താൽ അക്കാലങ്ങളിൽ മലയാളികൾക്ക് സാമൂഹ്യചിന്തകൾക്കുപോലും സമയം കണ്ടെത്താനായില്ല. വൈകിയിട്ടെങ്കിലും സമൂഹം വളർന്നതോടെ സംഘടനകൾക്കു തുടക്കമിട്ടു.

അമേരിക്കയിലെ ആദ്യകാല കുടിയേറ്റം കൂടുതലും ന്യൂയോർക്ക്, ചിക്കാഗോ, ഡിട്രോയിറ്റ് എന്നീ പട്ടണങ്ങളിലായിരുന്നു. ക്രമേണ അത് മറ്റു പ്രധാന പട്ടണങ്ങളിലും വ്യാപിക്കാൻ തുടങ്ങി. 1980–കളുടെ തുടക്കത്തോടെ അമേരിക്കയിലെ പ്രധാന പട്ടണങ്ങളിലെല്ലാം മലയാളികൾ വ്യാപിച്ചു കഴിഞ്ഞിരുന്നു. അവിടെയെല്ലാം മലയാളി സംഘടനകൾ രൂപംകൊള്ളുകയും ചെയ്തു. നമ്മുടെ തനതായ സംസ്കാരവും പാരമ്പര്യവും വളർത്തുകയും നിലനിർത്തുകയുമാണ് ഈ സംഘടനകളുടെ പ്രധാന ഉദ്ദേശ്യം. അതൊക്കെ ഒരർത്ഥത്തിൽ സഫലമാകുകയും ചെയ്തു. തുടർന്ന് അമേരിക്കയിലെ മലയാളി സംഘടനകൾക്ക് കേന്ദ്രസംഘടനകൾ ഉണ്ടാകുകയും ചെയ്തു.

ഈ കാലയളവിൽ അതായത് 1980–കളുടെ തുടക്കത്തിൽതന്നെ അമേരിക്കയിലെ മലയാളി സംഘടനകളെയെല്ലാം ഏകോപിപ്പിച്ച് ഒരു കേന്ദ്രസംഘടന തുടങ്ങുന്നതിനെക്കുറിച്ച് ചില പ്രമുഖ നേതാക്കൾ ചിന്തിക്കാൻ തുടങ്ങി. തൽഫലമായി 1982–ൽ വാഷിംഗടൺ ഡി.സി.യിൽവച്ച് അന്നത്തെ അമേരിക്കയിലെ ഇൻഡ്യൻ അംബാസിഡറും പിന്നീട് ഇൻഡ്യയുടെ പ്രസിഡന്റുമായ കെ.ആർ. നാരായണന്റെ അദ്ധ്യക്ഷതയിൽ ഒരു ആലോചനായോഗം കൂടി. അവിടെവച്ച് ഫെഡറേഷൻ ഓഫ് കേരള അസ്സോസിയേഷൻസ് ഇൻ നോർത്ത് അമേരിക്ക (FOKANA) എന്ന കേന്ദ്രസംഘടനയ്ക്ക് രൂപം നൽകുകയും ചെയ്തു.

അടുത്ത വർഷം (1983) ന്യൂയോർക്കിൽ അമേരിക്കയിലെ എല്ലാ മലയാളി സംഘടനകളെയും ചേർത്തുകൊണ്ട് 'ഫൊക്കാന'യുടെ പ്രഥമ കൺവൻഷൻ നടന്നു. അമേരിക്കയുടെ സ്വാതന്ത്രദിനമായ ജൂലൈ നാലിനോട് അനുബന്ധിച്ചായിരുന്നു സമ്മേളനം. ആ പതിവ് ഇന്നും തുടരുകയും ചെയ്യുന്നു. രണ്ടുവർഷത്തിലൊരിക്കലാണ് കൺവൻഷൻ.

1995–ൽ ഫൊക്കാനയിൽനിന്ന് ഒരു കൂട്ടർ പിരിഞ്ഞ് 'വേൾഡ് മലയാളി കൗൺസിൽ' എന്ന പേരിൽ ഒരു ആഗോള സംഘടനയ്ക്കു രൂപം കൊടുത്തു. 2005–ൽ ഫൊക്കാനയുടെ തിരഞ്ഞെടുപ്പ് വ്യവഹാരത്തിൽ കലാശിക്കുകയും 2008–ൽ സംഘടന പിളരുകയും ചെയ്തു. അങ്ങനെ ഒരു കൂട്ടർ ഫെഡറേഷൻ ഓഫ് മലയാളി അസ്സോസിയേഷൻസ് ഇൻ അമേരിക്കാസ് (FOMA) എന്ന പേരിൽ ഒരു പുതിയ കേന്ദ്രസംഘടനയ്ക്ക് രൂപം കൊടുക്കുകയും ചെയ്തു. 2008–ൽ ഈ സംഘടനയുടെ പ്രഥമ കൺവൻഷൻ ഹ്യൂസ്റ്റനിൽ നടന്നു.

ഇന്ന് അമേരിക്കയിൽ, മലയാളികളുള്ള എല്ലാ പട്ടണങ്ങളിലും ഒന്നിലധികം സാമൂഹ്യ–സാംസ്കാരിക സംഘടനകളുണ്ട്. കുടാതെ കലാസംഘടനകളായും അല്ലാതെയും നിരവധി വേദികൾ വേറെയും. ഒരു പരിധിവരെ അമേരിക്കയിലെ മലയാളികളിൽ കേരളത്തനിമ നിലനിർത്താൻ ഈ സംഘടനകൾക്ക് കഴിയുന്നു. അതുപോലെ ആദ്യകാലങ്ങളിൽ പ്രായേണ ഉപേക്ഷിക്കപ്പെട്ട നമ്മടെ മാതൃഭാഷയുടെ സ്ഥിതി ഇപ്പോൾ മാറിയിട്ടുണ്ട്.മലയാളം വീടുകളിലും സ്റ്റേജുകളിലും സംസാരിക്കുന്നതിന് ഇന്ന് മടിയില്ല. അത് സ്ഥാനത്തും അസ്ഥാനത്തും നിർലോഭം പ്രയോഗിക്കുന്നുമുണ്ട്. എന്നാൽ സംഘടനകൾ ധാരാളം ഉണ്ടായിട്ടും, മലയാളികളുടെ സാമ്പത്തിക സ്ഥിതി വളരെ ഉയർന്നിട്ടും അമേരിക്കയിലെ മലയാളികളുടെ പൊതുവായ സാമൂഹ്യബോധവും സാംസ്ക്കാരിക വളർച്ചയും എത്രത്തോളം ഉയർന്നിട്ടുണ്ട് എന്ന ചോദ്യം വളരെ പ്രസക്തമായിരിക്കുന്നു.

ശാസ്ത്രസാങ്കിത രംഗത്ത് അത്ഭുതകരമായി മുന്നേറിയുട്ടുള്ള ഒരു രാജ്യമാണെല്ലോ അമേരിക്ക. അതുപോലെ ആഡംബരങ്ങളും ആർഭാടങ്ങളും അതുപോലെ നിയന്ത്രണപരമായ ജീവിതരീതിയും അമേരിക്കയിലെപ്പോലെ മറ്റേതെങ്കിലും രാജ്യത്ത് ഉണ്ടാകുമോ എന്നും തോന്നുന്നില്ല. സാമൂഹ്യമായും സാംസ്ക്കാരികമായും ഇതേ മുന്നേറ്റമാണുള്ളത്. അമേരിക്കയിലെ ആചാരങ്ങളും നടപടിക്രമങ്ങളും പൗരധർമ്മവും പൗരബോധവും ഒക്കെ ആരേയും അതിശയിപ്പിക്കുന്നതാണ്. സമത്വവും സ്വാതന്ത്ര്യവും എല്ലാവർക്കും തുല്യമാണ്. അങ്ങനെയുള്ള ഒരു രാജ്യത്ത് പല പതിറ്റാണ്ട് ജീവിക്കുന്നവരുടെ ബോധമണ്ഡലങ്ങൾ കൂടുതൽ വികസിക്കുകയും സംസ്ക്കാരം വളരുകയും ചെയ്യേണ്ടതാണ്. എന്നാൽ മലയാളികളിൽ ഈ മാറ്റം വേണ്ടത്ര ഉണ്ടായിട്ടില്ല എന്നുള്ളതാണ് സത്യം.

കേരളത്തിലെ പണ്ടത്തെ ഇരുളടഞ്ഞ കുഗ്രാമങ്ങളിൽപോലും മാറ്റങ്ങളുണ്ടായി. അവർ സാമൂഹ്യമായും സാംസ്ക്കാരികമായും വളർന്നു. ജനങ്ങളുടെ പെരുമാറ്റവും ജീവിതരീതിയും പാടേ മാറി. പട്ടണങ്ങളിലെ മാറ്റങ്ങൾ പറയാനുമില്ല. പുരോഗമനത്തിന്റെ പുത്തൻ പന്ഥാവുകൾ തിരയുന്നവരാണ് ഇന്നത്തെ കേരളജനത പൊതുവെ. എന്നാൽ അമേരിക്കയിലെത്തിയ മലയാളികൾ, സമ്പത്തിന്റെ പിന്നാലെയുള്ള

നെട്ടോട്ടത്തിൽ മറ്റെല്ലാം മറന്നു. സാമ്പത്തികമായി ഉയിർത്തെഴുന്നേറ്റവർ സ്വന്തം ഗ്രമങ്ങളിലെ മാറ്റങ്ങളൊ തന്നെത്തന്നെയൊ മനസ്സിലാക്കാതെ പണത്തിന്റെ കണക്കിൽ സംസ്ക്കാരം തിട്ടപ്പെടുത്തി. മാത്രമല്ല അവരുടെ സംസ്ക്കാരം പിന്നോട്ട് തള്ളപ്പെടുകയും ചെയ്തു. സാമ്പത്തിക മുന്നേറ്റംകൊണ്ട് സാമൂഹ്യ-സാംസ്ക്കാരിക രംഗങ്ങളിൽ പ്രമുഖരായി പ്രവർത്തിക്കുന്ന മിക്കവരിലും ഈ പരാധീനത സ്പഷ്ടമാണ്.

ഇന്ന് അമേരിക്കയിൽ അഞ്ച് ലക്ഷത്തിലേറെ മലയാളികൾ ഉള്ളതായിട്ടാണ് മനസ്സിലാക്കാൻ കഴിയുന്നത്. അറുപതുകളുടെ ഉത്തരാർദ്ധത്തിൽ തുടങ്ങിയ കുടിയേറ്റം, നേഴ്സ്മാർ അവരുടെ ഭർത്താക്കന്മാരും കുട്ടികളുമായി വളർന്നു. വിവാഹം കഴിക്കാത്തവർ വിവാഹം കഴിച്ച് കുടുംബമായി. ആദ്യം എത്തിയവർ മാതാപിതാക്കളേയും സഹോദരങ്ങളേയും മറ്റ് കുടുംബാംഗങ്ങളേയും വരുത്തി. ഇപ്പോഴും നേഴ്സ്മാർ വന്നുകൊണ്ടിരിക്കുന്നു. കൂടാതെ അദ്ധ്യാപകർ, മറ്റ് ഇൻഫർമേഷൻ ടെക്നോളജി മേഖലയിൽ പ്രവർത്തിക്കുന്നവർ മുതലായ ഔദ്യോഗിക തലത്തിലുള്ളവരും കുടിയേറുന്നുണ്ട്. അങ്ങനെ അമേരിക്കയിൽ മലയാളി സമൂഹം ഇപ്പോഴും വളരുകയാണ്.

## അമേരിക്കയിലെ മലയാള സാഹിത്യം

അമേരിക്കയിലെ മലയാളസാഹിത്യത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ തുടക്കം എങ്ങനെയായിരുന്നു? എന്നായിരുന്നു? എന്നുകൂടി ചിന്തിക്കാനുണ്ട്. സമൂഹം വളരുകയും സാംസ്ക്കാരിക സംഘടനകൾ രൂപപ്പെടുകയും ചെയ്തപ്പോൾ, ഭാഷയൊ സാഹിത്യമൊ ആർക്കും വിഷയമായിരുന്നില്ല. എന്നാൽ കുടിയേറ്റത്തിന്റെ തുടക്കം മുതൽ ഭാഷയോട് താൽപര്യമുള്ളവരും നാട്ടിൽവച്ചേ കുറച്ചെങ്കിലും എഴുതിയിട്ടുള്ളവരും ചുരുക്കമായിട്ടെങ്കിലും ഉണ്ടായിരുന്നു. അവർ സമയചുരുക്കത്തിലും എഴുപതുകളുടെ തുടക്കം മുതലെ കഴിവിനനുസരിച്ച്  ചെറിയ തോതിലെങ്കിലും ഭാഷയ്ക്കുവേണ്ടി പ്രവർത്തിക്കാൻ ശ്രമിച്ചു.

1970 മാർച്ചിൽ ന്യൂയോർക്കിൽനിന്നും 'ചലനം' എന്ന ഒരു പ്രസിദ്ധീകരണം അച്ചോയ് മാത്യു എന്ന ആളിന്റെ മേൽനോട്ട ത്തിൽ ആരംഭിച്ചു. അച്ചോയ് 1962-ൽ കുടിയേറിയ വ്യക്തിയാണ്. പ്രസിദ്ധീകരണം എന്നു പറയുമ്പോൾ കേവലം നാട്ടിലെ ബുക്കുകളുടെ വലിപ്പത്തിൽ (8.5 x11 inches) 12 പേജിലായിരുന്നു തുടക്കം (അമേരിക്കയിലെ മലയാള സാഹിത്യ ചരിത്രം by ജോർജ് മണ്ണിക്കരോട്ട്, പുറം 79). എന്തായാലും അതുമായി ബന്ധപ്പെട്ടവരും മറ്റ് പലരും ആ പ്രസിദ്ധീകരണത്തിനുവേണ്ടി എന്തെങ്കിലുമൊക്കെ എഴുതി. അത് ഒരു തുടക്കമായിരുന്നു. അതിനുശേഷം ധാരാളം ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഉണ്ടായിട്ടുണ്ട്. മിക്കതും അൽപ്പായുസുകളായിരുന്നുവെന്നു മാത്രം. നാട്ടിലെ പത്രങ്ങളിൽ വരുന്ന വാർത്തകൾ വെട്ടിച്ചേർത്തും അമേരിക്കയിലെ മലയാളികളെ സംബന്ധിച്ച വാർത്തകൾ നാട്ടിൽ അയച്ച് അച്ചടിപ്പിച്ചും, ചിലപ്പോൾ കയ്യെഴുത്തായും ഇത്തരം പ്രസിദ്ധീകരണങ്ങളിൽ ചേർത്തിരുന്നു.

എന്നാൽ എഴുപതുകളുടെ ഉത്തരാർദ്ധത്തിലും എൺപതുകളുടെ പൂർവ്വാർദ്ധത്തിലുമൊക്കെ നിലവാരമുള്ള മാധ്യമങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. ഇതിനോടകം ഏതാണ്ട് മുപ്പത്തഞ്ചോളം മലയാളം പ്രസിദ്ധീകരണങ്ങൾ അമേരിക്കയിൽ തുടങ്ങുകയും മുടങ്ങുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ പത്രങ്ങളും (ആഴ്ച്ചപ്പത്രം) മാസികകളുമായി പത്തോളം പ്രസിദ്ധീകരണങ്ങൾ നിലവിലുണ്ട്. ഇത്തരം എല്ലാ പ്രസിദ്ധീകരണങ്ങളിലും മലയാളി എഴുത്തുകാരുടെ രചനകൾ കാണാം.

1980-കളിൽ വളരെ ചുരുക്കം മലയാളം കൃതികൾ മാത്രമെ അമേരിക്കയിൽ ഉണ്ടായിട്ടുള്ളു. നാട്ടിൽവച്ചേ എഴുതിത്തുടങ്ങയവരും മേൽപ്പറഞ്ഞ പ്രസിദ്ധീകരണങ്ങളിൽ എഴുതിയത് പുസ്തകങ്ങളാക്കുകയൊ ചെയ്തിട്ടുള്ളവരാണ് അക്കൂട്ടത്തിൽ. ഈ ലേഖകൻ അമേരിക്കയിൽ ആദ്യമായി മലയാളം നോവൽ പ്രസിദ്ധീകരിച്ചു (ജീവിത്തിന്റെ കണ്ണീർ, 1982). 1989-ൽ തന്റെ രണ്ടാമത്തെ നോവൽ (അഗ്നിയുദ്ധം) പ്രസിദ്ധീകരിക്കുമ്പോഴും അമേരിക്കയിൽനിന്ന് മറ്റൊരു നോവൽ കൂടി മാത്രമെ പ്രസിദ്ധീകരിച്ചിരുന്നുള്ളു (പാളംതെറ്റിയ തീവണ്ടി, ഡോ. ഏഴംകുളം സാംകുട്ടി). എസ്.കെ. പിള്ള 1980-കളിൽ നാടകങ്ങൾ എഴുതി ആനുകാലികങ്ങളിൽ ഖണ്ഡശ്ശ പ്രസിദ്ധീകരിക്കുകയും പിന്നീട് പുസ്തകരൂപത്തിലാക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ പത്രപ്രവർത്തകരായിരുന്ന രാജൻ മാരേട്ടും, രാജു മൈലപ്രായും 80-കളുടെ തുടക്കത്തിൽ തന്നെ ഉപന്യാസസമാഹാരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

1989-ലാണ് അമേരിക്കയിൽ ആദ്യമായി ഒരു മലയാള സാഹിത്യസംഘടന രൂപപ്പെടുന്നത്. 1990-കളിൽ മലയാളികൾ കൂടുതലുള്ള പട്ടണങ്ങളിൽ സാഹിത്യസംഘടകളുണ്ടാകുകയും സാഹിത്യചർച്ചകൾ സജീവമാകുകയും ചെയ്തു. ഈ കാലയളവിൽ ധാരാളം എഴുത്തുകാർ മുമ്പോട്ടു വരികയും കൃതികൾ ഉണ്ടാകുകയും ചെയ്തു. 1990-കൾ മുതലാണ് അമേരിക്കയിൽ മലയാള സാഹിത്യം സജീവമാകുന്നത്.

ചുരുക്കത്തിൽ അമേരിക്കയിൽ സമൂഹം വളരാൻ തുടങ്ങി ഏതാണ്ട് രണ്ടു പതിറ്റാണ്ടിനുശേഷമാണ് സാഹിത്യ വളർച്ച ആരംഭിക്കുന്നത്.

അമേരിക്കയിൽ എത്തി എല്ലാം ഒന്നു ശരിയായശേഷമാണ് സാഹിത്യവാസന ഉള്ളവർപോലും അതേപ്പറ്റി ചിന്തിക്കുന്നത്. മാത്രമല്ല, സമയവും സമ്പത്തും അവരുടെ ചിന്തയ്ക്ക് പ്രചോദനം നൽകുകയും ചെയ്തു. ഇനിയും എന്തെങ്കിലും എഴുതി പേരെടുക്കാം എന്ന ചിന്താഗതിയോടെ കടന്നുവന്നവരും കുറവല്ല. എന്നു മാത്രമല്ല അങ്ങനെയുള്ളവരാണ് അധികവും. അങ്ങനെയുള്ളവരുടെ കൃതികളെ പൊതുവെ 'ഓർമ്മസാഹിത്യ'ങ്ങളെന്നൊ 'ഡോളർ' സാഹിത്യമെന്നൊ പറഞ്ഞിട്ടുണ്ട്. പണം കൊടുത്ത് എഴുതിപ്പിക്കുന്നവരുടെ കൃതികളും ഇല്ലെന്നു പറയാൻ കഴിയുന്നില്ല. എന്നാൽ അതിൽനിന്നെല്ലാം വ്യത്യസ്ഥമായി നൈസർഗ്ഗിക വാസനയിലൂടെ പുതിയ ആശയങ്ങൾ ഉൾക്കൊണ്ട് എഴുതിയിട്ടുള്ള അർത്ഥവും ആഴവുമുള്ള കൃതികളും കുറവല്ല.

അമേരിക്കയിൽ ഇപ്പോൾ സാഹിത്യത്തിന്റെ എല്ലാ വിഭാഗങ്ങളിലും കൃതികൾ ഉണ്ട്. ഇതിനോടകം എഴുപത്തഞ്ചിൽപരം എഴുത്തുകാരുടെ മുന്നൂറോളം കൃതികൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. പുസ്തകരൂപത്തിലല്ലാതെ പത്രമാസികകളിൽ സ്ഥിരമായി എഴുതുന്ന മറ്റ് ധാരാളം എഴുത്തുകാർ വേറെയും.

അമേരിക്കയിലെ പല പട്ടണങ്ങളിലും ഇപ്പോൾ മലയാളം സ്ക്കൂളുകൾ നടത്തി വരുന്നു. അങ്ങനെയുള്ള സ്ക്കൂളുകളിൽ വിട്ടും വീടുകളിലും കുട്ടികളെ മലയാളം പഠിപ്പിക്കുന്നതിൽ മാതാപിതാക്കൾ താൽപര്യം കാണിക്കുന്നുണ്ട്. അങ്ങനെ ഇന്ന് അമേരിക്കയിൽ ഭാഷയും സാഹിത്യവും സജീവമാണ്.